പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.633**

**29.10.2019 ൽ മറുപടിയ്ക്ക്**

## സന്നദ്ധ സേവന വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്

**ചോദ്യം**

**ശ്രീ. വി.പി. സജീന്ദ്രൻ**

**മറുപടി**

**ശ്രീ. ഇ.പി. ജയരാജൻ(വ്യവസായവും, ടെക്സ്റ്റൈൽസും,സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജനക്ഷേമ ബോർഡിന്റെ കീഴിൽ രൂപീകരിച്ച സന്നദ്ധ സേവന വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം,പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, കടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, തുടങ്ങിയ മേഖലകളിലെ ബോധവൽക്കരണം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. |
| (ബി) | 2019 ലെ പ്രളയകാലത്തും അതുമൂലമുണ്ടായ ഉരുൾപൊട്ടൽ മേഖലയിലും പ്രസ്തുത ഫോഴ്സിന്റെ പ്രവർത്തനം പ്രയോജനപ്പെടു-ത്തിയിരുന്നോ ; വിശദാംശം നൽകാമോ ; | (ബി) | 2019 പ്രളയകാലത്ത് ഉരുൾപൊട്ടൽ ഉണ്ടായ മേഖലകളിലും കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. കൂടാതെ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിലും വയനാട് ജില്ലയിലെ ദുരന്ത മേഖലകളിലും ഉൾപ്പെടെ എല്ലാ ജില്ലകളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രളയ ദുരിതാശ്വാസ കളക്ഷൻ സെന്ററുകൾ ആരംഭിക്കുകയും പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് അവശ്യ സാധനങ്ങൾ എത്തിക്കുകയുമുണ്ടായി. |
| (സി) | പഞ്ചായത്ത് തലത്തിൽ പ്രസ്തുത ഫോഴ്സ് രൂപീകരിക്കുവാൻ | (സി) | കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം പഞ്ചായത്ത് തലത്തിലേക്ക് |

| | | | |
|---|---|---|---|
| | ഫോഴ്സ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ; | | ഗ്രാമീണ പഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് തല പരിശീലകന്മാർക്കുള്ള പരിശീലനത്തിന്റെ ആദ്യഘട്ടം 2019 നവംബർ 16,17,18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുതല പരിശീലകരാണ് ഈ പരിശീലനത്തിൽ പങ്കെടുക്കുന്നത്. |
| (ഡി) | നിലവിൽ പ്രസ്തുത ആക്ഷൻ ഫോഴ്സിൽ എത്ര സന്നദ്ധ പ്രവർത്തകരാണ് ഉള്ളത് ; അവർക്ക് എന്തൊക്കെ രീതിയിലുള്ള പരിശീലനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത 1,15,862 പേരിൽ ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാംഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്. ഫോഴ്സ് അംഗങ്ങൾക്ക് കായിക പരിശീലനം, ട്രക്കിംഗ്, മൗണ്ടനീയറിംഗ്, ദുരന്തനിവാരണ പ്രവർത്തനം, പ്രഥമ ശുശ്രൂഷ എന്നീ മേഖലകളിൽ പരിശീലനം നൽകുകയുണ്ടായി ഫയർ & റസ്ക്യൂ മുഖേന പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ